# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിയംകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.9/2685/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 18/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിയംകോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെളിയംകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയംകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.9/2685/2023 തീയ്യതി: 18/12/2023

## മലപ്പുറം ജില്ലയിലെ വെളിയംകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വെളിയംകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2023 മുതൽ 14-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 22-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2023 | 22-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അബ്ദുൾ റഷീദ്.എം.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.ഷജീർ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അനീത് ബാബു കെ.ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഇദ്രീസ് അബ്ദുള്ള.എ.സി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.കല്ലാട്ടേൽ ഷംസു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രാജൻ.കെ.കെ | സെക്രട്ടറി | 01-04-2022 | 12-01-2023 |
| ശ്രീമതി. കവിത ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2023 | 22-01-2023 |
| ശ്രീ.ഉണ്ണികൃഷ്ണൻ വി.എ | സെക്രട്ടറി | 23-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കവിത ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. ലമിന വി.കെ | കൃഷി ഓഫീസർ | 01-04-2022 | 28-05-2022 |
| ശ്രീമതി.മഞ്ജു പി.എസ് | കൃഷി ഓഫീസർ | 29-05-2022 | 10-08-2022 |
| ശ്രീ. സുരേഷ് ടി.എം | കൃഷി ഓഫീസർ | 11-08-2022 | 01-09-2022 |
| ശ്രീമതി. ലമിന വി.കെ | കൃഷി ഓഫീസർ | 02-09-2022 | 03-10-2022 |
| ശ്രീ. സുരേഷ് ടി.എം | കൃഷി ഓഫീസർ | 04-10-2022 | 26-12-2022 |
| ശ്രീമതി. ലമിന വി.കെ | കൃഷി ഓഫീസർ | 27-12-2022 | 31-12-2022 |
| ശ്രീമതി.മഞ്ജു പി.എസ് | കൃഷി ഓഫീസർ | 01-01-2023 | 31-03-2023 |
| ശ്രീമതി.അനീഷ കെ.എസ് | ഡയറി ഫാം ഇൻസ്റ്റ്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. സുലൈമാൻ എ.എ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ഡോ. ദിവ്യ ഡേവിസ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 09-06-2022 |
| ഡോ.അജിത് കുമാർ വി | മെഡിക്കൽ ഓഫീസർ ആയുർവേദം | 10-06-2022 | 16-06-2022 |
| ഡോ. സ്വപ്ന മോൾ പി | മെഡിക്കൽ ഓഫീസർ ആയുർവേദം | 17-06-2022 | 31-03-2023 |
| ശ്രീമതി. അംബിക പുതിരുത്തി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ബാബു വി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. ജയേഷ് കുനത്ത് | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജഹാൻ എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. ഐശ്വര്യ എൻ.എസ് | വെറ്ററനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ഷാരിജ കെ പി ഷെരീഫ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഇൻകം& എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | വരവുകളുടെ ഡിമാന്റ് സമയബന്ധിതമായി എൻട്രി വരുത്തുന്നില്ല | 1-1-4 |
| 6 | ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. | 1-1-5 |
| 7 | ഡി.സി.ബി/വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-8 |
| 10 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-9 |
| 11 | തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 1-1-10 |
| 12 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ ബാലൻസ് (B- 4 ഷെഡ്യൂൾ) അവയുടെ ബാങ്ക് ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമപദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | തനത് വരുമാനം- അവലോകനം | 1-11 |
| 23 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ അവലോകനം | 1-12 |
| 24 | മൊബൈൽ ഫോൺ ടവറുകളുടെ വസ്തു നികുതി നിശ്ചയിച്ച് ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തതയില്ല | 1-13 |
| 25 | റേഷൻ കടകൾ ലൈസൻസ് നേടാതെ പ്രവർത്തിക്കുന്നു. | 1-14 |
| 26 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച മുഴുവൻ തുകയുടേയും ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-15 |
| 27 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ–മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-16 |
| 28 | ഹോമിയോ ഡിസ്പൻസറിയിലേക്ക് ഫർണിച്ചർ വാങ്ങൽ–ടെണ്ടർ നടപടി പാലിച്ചില്ല. | 1-17 |
| 29 | എസ്.എസ്.കെ വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ചെലവ് തുക 7,00000/- രൂപ തടസ്സം ചെയ്യുന്നു | 1-18 |
| 30 | പട്ടിക ജാതി വനിതകൾക്ക് വിവാഹ ധന സഹായം - നിർവ്വഹണത്തിലെ അപാകത – ചെലവ് തുക 75,000/-രൂപ തടസ്സം ചെയ്യുന്നു. | 1-19 |
| 31 | ബഡ്സ് സ്കൂളിന് വിഹിതം നൽകൽ–വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവ് തുക 1,50000/-രൂപ തടസ്സം ചെയ്യുന്നു. | 1-20 |
| 32 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ | 1-21 |
| 33 | തനത് ഫണ്ട് വിനിയോഗിച്ച് മെഡിസെപ്പ് ഐ.ഡി. കാർഡ് പ്രിന്റ് ചെയ്തു | 1-22 |

| | | |
|---|---|---|
| 34 | അഗതി രഹിത കേരളം 2022-23-പദ്ധതി തുക ചെലവഴിച്ചിട്ടില്ല 50,000/- രൂപ തടസ്സം ചെയ്യുന്നു. | 1-23 |
| 35 | ഇ-ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് ലഭിച്ചില്ല | 1-24 |
| 36 | സബ്സിഡി തുക അക്കൌണ്ട് നമ്പർ മാറി നൽകി | 1-25 |
| 37 | ചെലവു രേഖകൾ ഹാജരാക്കിയില്ല. | 1-26 |
| 38 | TDS ഈടാക്കിയില്ല. | 1-27 |
| 39 | മരാമത്ത് പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-28 |
| 40 | അസിസ്റ്റന്റ് എഞ്ചിനീയർ കാഷ്ബുക്ക് എഴുതിയിട്ടില്ല | 1-29 |
| 41 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/27.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വെളിയങ്കോട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെളിയങ്കോട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

തീയതി : 18.12.2023
മലപ്പുറം

### 1-1-1 എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും(3615873/-) ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം ആയി ചേർത്തിട്ടുള്ള തുകയും (16621748/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഇൻകം& എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല

വാർഷിക കണക്കിലെ Income & Expenditure സ്റ്റേറ്റ്മെന്റിൽ താഴെ പറയുന്ന പട്ടിക പ്രകാരമുള്ള ഷെഡ്യൂളുകളിൽ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ | ഷെഡ്യൂൾ |
|---|---|

| നം. | |
|---|---|
| 1. | I-6 - Revenue Grants, Contributions & Compensation |
| 2. | I-8 – Interest Earned |
| 3. | I-9 – Other Income |
| 4. | I-14(B)- Decentralised Plan Programe- Infrastructure Sector. |
| 5. | I-14(C)- Decentralised Plan Programe- Project Not Included In Sector Division |
| 6. | I-14(D)- Expenditure Of Transfered Institutions And State Sponsored Schemes. |
| 7. | I-14(F)- Other Revenue Grants And Funds- Revenue Expenses. |
| 8. | I-15 – Grants, Contributions And Compensations From Own Fund. |
| 9. | I-16- Provisions And Write Off. |
| 10. | I-17 – Miscelleneous Expenses On Disposal Of Assets And Investments |
| 11. | I-17 A- Depreciation |
| 12. | I-18 – Prior Period Expenditure |

**1-1-4 വരവുകളുടെ ഡിമാന്റ് സമയബന്ധിതമായി എൻട്രി വരുത്തുന്നില്ല**

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകളുടെ ഡിമാന്റ് സമയബന്ധിതമായി എൻട്രി വരുത്തുന്നില്ല. ഉദാ:- Profession Tax - Employees ഡിമാന്റ് രേഖപ്പെടുത്തുന്നത് 31.03.2023 തീയതിയിലാണ്.

**1-1-5 ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.**

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**1-1-6 ഡി.സി.ബി/വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപെടുത്തിയിട്ടില്ല.**

ഡി.സി.ബി/വരവ് രജിസ്റ്ററുകളിൽ വരവുകൾ സംബന്ധിച്ച സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ താഴെ പറയുന്ന ഇനങ്ങളുടെ വരവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാനായിട്ടില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള വരവ് |
|---|---|
| Profession Tax - Employees | 976,900 |
| Registration Fee From Private Hospital & Paramedical Institutions | 1,150 |
| Fee For Building Regularisation | 297,355 |
| Permit Fee For Construction Of Buildings | 306,443 |

| | |
|---|---|
| Recovery From Employees - Audit Recovery Based On Surcharge Certificate | 29,190 |

## 1-1-7 ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വാർഷികകണക്കിലെ B-5 Scheduleപ്രകാരം 58748478/-രൂപ KURDFC യിൽ നിന്നുള്ള ലോൺ ഇനത്തിൽ ബാലൻസ് ഉണ്ട്. എന്നാൽ ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല. വാർഷിക കണക്ക് പ്രകാരം ലോൺ തിരിച്ചടവ് തുക 5623522/- രൂപയാണ്. എന്നാൽ G.O. പ്രൊജക്ട് 253,252,256 എന്നിവ പ്രകാരം ഇത് 4221922/- രൂപയാണ്. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-8 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വാർഷികകണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം Loans Advances And Deposits ഇനത്തിൽ 7348324/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ, അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റെ വിവരങ്ങൾ ചേർക്കാത്തതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-1-9 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വാർഷികകണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം Deposits Received ഇനത്തിൽ 488529/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-1-10 തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

B-4 ഷെഡ്യൂൾ പ്രകാരം ചെവലഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് തുകകളിൽ തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച PYKA, ICDS, National Bio-Gas Development Project എന്നീ ഫണ്ടുകളിലെ തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-1-11 പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ ബാലൻസ് (B- 4 ഷെഡ്യൂൾ) അവയുടെ ബാങ്ക് ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിലെ B- 4 ഷെഡ്യൂൾ പ്രകാരം Specific Purposes Grant കളുടെ ബാലൻസ് തുകയും അവയുടെ ബാങ്ക് ബാലൻസ് തുകയുടെ (B- 17 ഷെഡ്യൂൾ പ്രകാരം) വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | B- 4 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് | B- 17 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് | വ്യത്യാസം |
|---|---|---|---|
| Mahatma Gandhi National Rural Employment Guarantee Scheme | 1027628 | 1026384 | 1244 |

വാർഷിക കണക്കുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (9/18.11.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

| വാർഷിക ധനകാര്യ പത്രികലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2023 | 31.07.2023 | - | - |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 18313427 |
| വരവ് | 186132183 |

| | |
|---|---|
| ആകെ | 204445610 |
| ചെലവ് | 182516310 |
| നീക്കിയിരിപ്പ് | 21929300 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 22669032 | 22669032 | 22096557 | 572475 |
| വികസനഫണ്ട്(എസ്.സി.പി.) | 0 | 1764892 | 1764892 | 1675000 | 89892 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 7624000 | 7624000 | 555126 | 7068874 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 6460000 | 6460000 | 4608804 | 1851196 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 10332277 | 10332277 | 7664165 | 2668112 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 4902236 | 4902236 | 4953645 | -51409 |
| ബി ഫണ്ട് | 0 | 49372040 | 49372040 | 49372040 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 173704079 | 131 | 70681494 | 0 | 83 | 61.2% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3423 | 1024205 | 1027628 | 0 | 1027628 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 31933854 | 31933854 | 31933854 | 0 |

കുറിപ്പ്: വാർഷിക കണക്കിലെ 1-14(C) പ്രകാരം MGNREGS പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക രേഖപ്പെടുത്താത്തതിനാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്. ഈ തുകയുടെ കൃത്യത വാർഷിക കണക്കുമായി ഒത്തുനോക്കാനായിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5040 | 7 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3339600 | 1342 |
| വിധവാപെൻഷൻ | 14074000 | 1143 |
| വാർദ്ധക്യകാലപെൻഷൻ | 25925600 | 2028 |
| വികലാംഗപെൻഷൻ | 5276200 | 411 |
| വിവാഹ ധനസഹായം | 300000 | 10 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 451600 | 37 |

കുറിപ്പ്:

ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ വാർഷികകണക്കിൽ ചേർത്തിട്ടില്ല. സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2023 ന് 10.30 AM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48314/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ (മെഡിക്കൽ ഓഫീസർ ആയുർവേദം) ദൈനംദിന ചെലവുകൾക്ക് നൽകുന്ന തുക സ്ഥാപനത്തിന്റെ ക്യാഷ് ബുക്കിൽ വരവ് ചെലവ് രേഖപ്പെടുത്തുന്നില്ല.

2) ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുന്ന മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) സ്റ്റോക്ക് രജിസ്റ്റർ, സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, സ്ട്രീറ്റ് വാട്ടർ ടാപ്പ് രജിസ്റ്റർ എന്നിവ പൂർണ്ണമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.2023 | 1.8.2022 മുതൽ 31.12.2022 വരെ | ലഭ്യമായില്ല |
| എ.ജി ഓഡിറ്റ് | 17.07.2006 മുതൽ 29.07.2006 വരെ | 1997-98 മുതൽ 2005-06 വരെ | 26.09.2006 |

## 1-11 തനത് വരുമാനം- അവലോകനം

തനതു വരുമാനം-വെളിയങ്കോട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.**

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഓഡിറ്റ് വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 15മീറ്റിംഗുകളാണ് കൂടിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല.

ആറാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത്

ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. അതതു മാസങ്ങളിലെ ചെലവുകളുടെ അംഗീകാരം, പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കാനുള്ള അപേക്ഷകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെട്ടിട്ടുള്ളത്.

**വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വെളിയങ്കോട് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം വർദ്ധനവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2). നിലവിലുള്ള വസ്തുനികുതി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി , പഞ്ചായത്തിലെ പ്രദേശങ്ങളെ വിവിധ മേഖലകളാക്കി തരം തിരിക്കൽ എന്നിവ ഉൽപ്പെടുത്തി കരട് വിജ്ഞാപനം 16.07.2023ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരണത്തിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ ക്രമവത്കരിച്ച് നൽകുകയോ അല്ലെങ്കിൽ യു.എ നമ്പർ നൽകുകയോ ചെയ്ത് വസ്തുനികുതി ചുമത്തേണ്ടതാണ്.

**സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207 ാം വകുപ്പ് (1) ാം ഉപ വകുപ്പ് പ്രകാരം സേവന ഉപ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന സേവവന ഉപ നികുതി ചുമത്താവുന്നതാണ്. എന്നാൽ അത്തരത്തിലുള്ള സേവന ഉപ നികുതി ഗ്രാമ പഞ്ചായത്തിൽ ചുമത്തിയതായി കാണുന്നില്ല. സേവനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ , ഡ്രയിനേജ്) ഈടാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ

നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

**3).** കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും വാർഡടിസ്ഥാനത്തിൽ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

**മറ്റിനങ്ങൾ**

വിനോദ നികുതി, ലേലം,ട്യൂട്ടോറിയൽ ഫീസ് ഇനങ്ങളിൽ പഞ്ചായത്തിന് വരവൊന്നും ഇല്ല. പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് കുളങ്ങൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ടർഫ് കോർട്ടുകൾ/ഇൻഡോർ സ്റ്റേഡിയങ്ങൾ പോലെയുള്ളതിൽ നിന്നും വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാവുന്ന വരുമാനം സംബന്ധിച്ച് ഭരണസമിതി ശ്രദ്ധയിൽപ്പെടുത്തി സർക്കാർ ഉത്തരവിലൂടെ വരുമാനം നേടാവുന്നതാണ്. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ട പ്രകാരം ഉള്ള ഫീസ് ഈടാക്കി രജിസ്ട്രേഷൻ എടുത്തു/പുതുക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ വെളിയംകോട് ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 2012-13 | | | **ഇല്ല** | | | | |
| **2013-14**<br>**2014-15** | | | **ഇല്ല** | | | | |
| **2015-16** | | | **ഇല്ല** | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2016-17 | കെ എസ് ഇ ബി | ബിൽ നമ്പർ 8/2016-17 /21-10-16 ₹ 39672 & 39/16-17 /31-03-17 ₹ 57776 | ലഭ്യമല്ല | ഇല്ല. | 39672<br><br>57776 |
| 2 | 18/17-18 പൈപ്പ്ലൈൻ നീട്ടുന്നതിന് | 2017-18 | കേരള വാട്ടർ അതോറിറ്റി | ബിൽ നമ്പർ 38/22-03-18 ₹ 11,00,000 | ലഭ്യമല്ല | ഇല്ല. | 11,00,000 |
| 3 | പൈപ്പ് ലൈൻ | 2018-19 | കേരള വാട്ടർ അതോറിറ്റി | 2020000/- Tr. Bill No.15/13-11-18 | ലഭ്യമല്ല | ഇല്ല. | 2020000/- |
| 4 | ഇൻസ്റ്റാലേഷൻ ഓഫ് സ്ട്രീറ്റ് മെയിൻ | 2018-19 | കെ എസ് ഇ ബി | 345712/-<br><br>330290(Tr. Bill No.11/19-7-18)<br><br>15422(3/27-2-19) | ലഭ്യമല്ല | ഇല്ല. | 345712/- |
| 5 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2020-21 | വാട്ടർ അതോറിറ്റി | 11658/-22000537 /07.11.20 | (തനത്ഫണ്ട്) | ഇല്ല. | 11658 |

മേൽ പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകളിൻമേൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 1/2022-23 തീയതി. 16.11.2023) മറുപടി നൽകുകയോ രേഖകൾ/ തൽസ്ഥിതി വിശദാംശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ചെലവഴിക്കപ്പെട്ട തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാത്ത തുകയിൽ തനത് ഫണ്ട് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്കും മറ്റു ഫണ്ടുകൾ അതത് ശീർഷകങ്ങളിലും തിരിച്ചടക്കേണ്ടതാണ്.

## 1-13 മൊബൈൽ ഫോൺ ടവറുകളുടെ വസ്തു നികുതി നിശ്ചയിച്ച് ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തതയില്ല

പഞ്ചായത്തിന്റെ 2022-23 ലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മൊബൈൽ ടവറുകളുടെ നിർമ്മാണ അനുമതി തേടി താഴെ പറയുന്ന അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

| അപേക്ഷ നമ്പർ | ഉടമസ്ഥന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| SC3- 2059/22 | Summit And Infrastructure | പെർമിറ്റ് നൽകിയിട്ടില്ല. |
| SC3- 3543/22 | Tower Vision | പെർമിറ്റ് അനുവദിച്ചു. |
| SC3- 5094/22 | ATC Tower | പെർമിറ്റ് അനുവദിച്ചു. |

മേൽ അപേക്ഷകൾ സംബന്ധിച്ച് പെർമിറ്റ് രജിസ്റ്ററിൽ അസ്സസ്മെന്റ് നമ്പർ ചേർക്കേണ്ട ഭാഗത്ത് രേഖപ്പെടുത്തൽ വരുത്താത്തതിനാൽ, നിർമ്മാണ അനുമതി ലഭിച്ച ടവറുകളുടെ നികുതി നിശ്ചയിച്ച് ഈടാക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ്/വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

സഞ്ചയ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 5 മൊബൈൽ ടെലഫോൺ ടവറുകൾ സംബന്ധിച്ച

വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 8/494 A | Bharathi Airtel Limited |
| 2 | 12/73 A | ATC Telecom Tower |
| 3 | 15/146 A | Tower Vision India Private Ltd |
| 4 | 16/203 | Vodafone A Star Cellular Limited |
| 5 | 16/245 | Reliance Infocom Ltd |

പട്ടിക പ്രകാരമുള്ള മൊബൈൽ ടെലഫോൺ ടവറുകൾക്ക് പുറമേ മറ്റ് മൊബൈൽ ടെലഫോൺ ടവറുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും, പെർമിറ്റ് അനുവദിച്ച ഒന്നാം പട്ടികയിലെ 3 മൊബൈൽ ടെലഫോൺ ടവറുകളുടെയും കെട്ടിട നമ്പർ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നം-04/17.11.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 റേഷൻ കടകൾ ലൈസൻസ് നേടാതെ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു റേഷൻ കട (ലൈസൻസി- ദിലീപ് കുമാർ, പാണ്ടത്തേൽ, കെട്ടിട നമ്പർ-5/61,62) മാത്രമാണ് 2022-23 വർഷത്തിൽ ലൈസൻസ് നേടി പ്രവർത്തിച്ചത്. ഗ്രാമപഞ്ചായത്തിലെ മറ്റു റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തതായി ലൈസൻസ്/തൊഴിൽ നികുതി രജിസ്റ്ററിൽ ഇല്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ മറ്റു റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അക്കാര്യം അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(13/20.11.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-15 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച മുഴുവൻ തുകയുടേം ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തെ വൗച്ചർ നം-2200092/28.05.2022പ്രകാരം മെഡിക്കൽ ഓഫീസറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് (നമ്പർ-67023861401) 180,000രൂപ നൽകിയിട്ടുണ്ട്. ഇതിൽ നിന്നും 18 വാർഡ്തല ശുചിത്വ കമ്മിറ്റിക്കും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 10000/- രൂപ വീതം നൽകിയിട്ടുണ്ട്.

സർക്കുലർ നം-178649/1/2015 23.04.2015 പ്രകാരം ശുചിത്വ കമ്മിറ്റിയുടെ ചെലവ് രേഖകൾ ബന്ധപ്പെട്ട സെക്രട്ടറിമാർ സമിതികളിൽ നിന്ന് ശേഖരിക്കേണ്ടതും സമിതിയുടെ അംഗീകാരത്തോടെ വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതുമാണ്.

എന്നാൽ 18 വാർഡുകളിൽ താഴെ പറയുന്ന വാർഡ്തല ശുചിത്വ കമ്മിറ്റികൾ മാത്രമാണ് ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയത്.

| ക്രമ നമ്പർ | വാർഡ് | ചെവഴിച്ച തുക |
|---|---|---|
| 1 | 1 | 10000 |
| 2 | 2 | 10000 |
| 3 | 3 | 10000 |

| | | |
|---|---|---|
| 4 | 4 | 10000 |
| 5 | 5 | 10000 |
| 6 | 6 | 10000 |
| 7 | 7 | 10000 |
| 8 | 8 | 10000 |
| 9 | 9 | 10000 |
| 10 | 10 | 10000 |
| 11 | 11 | 10000 |
| 12 | 12 | 10000 |
| 13 | 15 | 10000 |

ബാക്കിയുള്ള 5 വാർഡ്തല ശുചിത്വ കമ്മിറ്റികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം-12/20.11.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ 50,000/-രൂപ തടസ്സം ചെയ്യുന്നു.

## 1-16 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.

**പ്രോജക്റ്റ് നമ്പർ.24/2022-23 (ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ)**
**നിർവ്വഹണം-** മെഡിക്കൽ ഓഫീസർ(ആയുർവേദ ഡിസ്പൻസറി, വെളിയങ്കോട്)
അടങ്കൽ-300000 ( മെയിന്റെനൻസ് ഫണ്ട്- നോൺ റോഡ്)
പ്രൊഫോർമ ഇൻവോയിസ് നമ്പർ- PF- 483/03.10.2022

പ്രൊജക്റ്റ് പ്രകാരം, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് ആലപ്പുഴക്ക് , BRN-22150452037200907523/14.12.2022 പ്രകാരം 300000/- രൂപ മുൻകൂർ നല്കിയിട്ടുണ്ട്. എന്നാൽ 102688/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമായ മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്ര.നം | ഇൻവോയിസ് നമ്പർ | തുക |
|---|---|---|
| 1 | LF-1259/07.09.2023 | 102688 |
| ആകെ 102688 | | |

197312/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ബാലൻസ് തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം-02/16.11.2023)ക്ക് 25.11.2023 നകം മുഴുവൻ മരുന്നുകളും ലഭ്യമാക്കുന്നതാണ് എന്ന് ഹോംക്കോയിൽ നിന്ന് അറിയിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഹോമിയോ ഡിസ്പൻസറിയിലേക്ക് ഫർണിച്ചർ വാങ്ങൽ-ടെണ്ടർ നടപടി പാലിച്ചില്ല.

**പ്രോജക്റ്റ് നമ്പർ.37/2022-23 (ഹോമിയോ ഡിസ്പൻസറിയിലേക്ക് ഫർണിച്ചർ വാങ്ങൽ)**
**നിർവ്വഹണം-** മെഡിക്കൽ ഓഫീസർ(ആയുർവേദ ഡിസ്പൻസറി, വെളിയങ്കോട്)
അടങ്കൽ-49435/-( മെയിന്റെനൻസ് ഫണ്ട്-റോഡിതരം)
ഇൻവോയിസ് നമ്പർ- MJRI/2022-23/181 Date-30.01.2023

പ്രൊജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക് ഫർണിച്ചർ വാങ്ങിയതിന് കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കൊച്ചിക്ക്, ബിൽ നമ്പർ-22150452037201165306/09.02.2023 പ്രകാരം 49435/- രൂപ നല്കിയിട്ടുണ്ട്. സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാവുന്നവയല്ലാത്ത ഫർണ്ണിച്ചർ വാങ്ങുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗ രേഖ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ തിയ്യതി 8.11.2010 പ്രകാരം 25000/-രൂപക്ക് മുകളിൽ 100000/- രൂപ വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽ പരാമർശിച്ച വാങ്ങലിൽ ഇത്തരം നടപടികൾ സ്വീകരിക്കാതെ നേരിട്ട് സിഡ്കോയിൽ നിന്നും ഫർണിച്ചർ വാങ്ങുകയാണ് ചെയ്തത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം-03/17.11.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമവിരുദ്ധമായി സാധനങ്ങൾ വാങ്ങിയ ഇനത്തിൽ ചെലവഴിച്ച 49435/- രൂപ സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 എസ്.എസ്.കെ വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ചെലവ് തുക 7,00000/- രൂപ തടസ്സം ചെയ്യുന്നു

പ്രൊജക്ട് : 99/2023 എസ്.എസ്.കെ വിഹിതം അടവാക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ - 7,00000/- (വികസന ഫണ്ട് )

BRN: 22150452001100436801/22-08-2022 : 7,00000/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 7,00000/- രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022 /ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം . തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തൽ നിന്നും കൃത്യമായി നൽകണെമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം, 7,00000/- രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല. (പ്രൊജക്ട് ഫയലിലുള്ള 20.06.2023 ലെ എ-1646/23/എസ്.എസ്.കെ നമ്പറിലുള്ള വിനിയോഗ സാക്ഷ്യപത്രം മാർഗ്ഗ രേഖ അനുശാസിക്കും പ്രകാരമുള്ളതല്ല).

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 7/17.11.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 7,00000/- രൂപ തടസ്സം ചെയ്യുന്നു.

## 1-19 പട്ടിക ജാതി വനിതകൾക്ക് വിവാഹ ധന സഹായം - നിർവ്വഹണത്തിലെ അപാകത - ചെലവ് തുക 75,000/-രൂപ തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം. 96/23 പട്ടിക ജാതി വനിതകൾക്ക് വിവാഹ ധന സഹായം

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ – 11,75,000/- ( എസ്.സി.പി.)

ചെലവ് തുക – 9,75,000/-

ബിൽ നം. 22150452034100438508/20.08.2022 ₹ 3,75,000/-

22150452034100922508/17.12.2022 ₹ 4,75,000/-

22150452034101371398/16.03.2023 ₹ 1,25,000/-

28.05.2022 ലെ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 7.2.1 പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾ -വിവാഹ ധനസഹായം പ്രകാരം വിവാഹ ധനസഹായത്തിനുള്ള അപേക്ഷ വിവാഹത്തിന് 15 ദിവസത്തിന് മുമ്പോ, വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ സമർപ്പിച്ചിരിക്കണം. കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകാവുന്നതാണ്.

പട്ടിക ജാതി വനിതകൾക്ക് വിവാഹ ധനസഹായം എന്ന പദ്ധതി നടപ്പിലാക്കിയപ്പോൾ

ഒരു ഗുണഭോക്താവിന് മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കാതെ ആനുകൂല്യം

നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | മകളുടെ പേര് | വിവാഹം നടന്ന തീയതി | അപേക്ഷ സമർപ്പിച്ച തീയതി | അനുവദിച്ച തുക | അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകൾ |
|---|---|---|---|---|---|
| ബാബു ആനറക്കൽ(വാർഡ് 2) | സെമീര | 22.10.2020 | 23.12.2021 (നമ്പർ എ2-7206/21 /23.12.2021) | 75,000/- | വിവാഹ രജിസ്ട്രേഷൻ- 156/2020 തീ. 02.11.2020<br>വിവാഹ സർട്ടിഫിക്കറ്റ്- 4452/2020 തീ. 17.08.2022<br>വരുമാന സർട്ടിഫിക്കറ്റ്- 62671866/7.01.2022<br>പട്ടിക ജാതി വകുപ്പിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് -SCD/PDP /707/2022 തീ.17.08.2022<br>കരാർ തീ. 22.08.2022 |

അപാകതക്ക് വിശദീകരണം/ രേഖ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 6/17.11.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറുടെ സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 75000/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 ബഡ്സ് സ്കൂളിന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവ് തുക 1,50000/-രൂപ തടസ്സം ചെയ്യുന്നു.

പ്രൊജക്ട് : 221/2023 ബഡ്സ് സ്കൂളിന് വിഹിതം നൽകൽ

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ - 1,50,000/- (വികസന ഫണ്ട് )

ബിൽ നമ്പർ 228/18-01-2023 : 1,50000/-

പെരുമ്പടപ്പ് ബ്ലോക്ക് സെക്രട്ടറിയുടെ 31.10.2022 ലെ സി.912/2022 കത്ത് പ്രകാരം പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സ്പെക്ട്രം സ്പെഷ്യൽ സ്കൂൾ തുടർ പ്രവർത്തനം എന്ന പദ്ധതിയിലേക്ക് കുറഞ്ഞത് 2.50 ലക്ഷം രൂപയെങ്കിലും ബ്ലോക്ക് വിഹിതം അനുവദിക്കുന്നതിന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരമുള്ള തുക പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചു. പദ്ധതി ഫയൽ പരിശോധച്ചതിൽ മേൽ ചെലവ് തുകയ്ക്ക് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. (17.02.2023 ലെ എസ്.സി.1-417/2023കത്ത് പ്രകാരം സെക്രട്ടറി രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. )

രശീതി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നമ്പർ 21/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,50000/- രൂപ തടസ്സം ചെയ്യുന്നു.

## 1-21 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

പ്രൊജക്ട് നമ്പർ- 104/23 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ

അടങ്കൽ - 3,00,000(വികസന ഫണ്ട്)

ചെലവ് - 2,99,696/-

ബിൽ നം. 22150452001101377607/16.03.2023 ₹2,99,696/-

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകൾ (LED 152, CFL-563, Tube Light-260, Sodium Vapour Lamp-3, Ordinary Bulb-102, Double Tube-39 ) അറ്റകുറ്റപ്പണികൾ നടത്തി കാൽനടയാത്രക്കാരുടെ രാത്രിയാത്ര സുഗമമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പഞ്ചായത്തിലെ പ്രവർത്തനരഹിതമായ ബൾബുകളുടെ പട്ടിക വാർഡ് മെമ്പർമാർ തയ്യാറാക്കുകയും ആയത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് കൈമാറുകയും ചെയ്യുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വാർഡ് മെമ്പർമാർ സാക്ഷ്യപത്രം നൽകുമ്പോൾ മാത്രം റിപ്പയർ ചെയ്ത വിളക്കിന്റെ പണിക്കൂലി നൽകുന്നു. കരാറുകാരനുമായി ഒരു വർഷത്തേക്ക് കരാർ വെക്കുന്നതിനാൽ ആ കാലയളിവിൽ ഉണ്ടാകുന്ന തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി കരാറുകാരൻ നിർവ്വഹിക്കേണ്ടതും ആയതിന് ഒരൊറ്റ തവണ മാത്രം റിപ്പയർ ചാർജ് നൽകുകയും ചെയ്യുന്നു.

റീ ടെണ്ടർ ലഭിച്ചതിൽ ശ്രീ.മനോജ് കുമാർ എം, പവർ എക്സൽ ഇലക്ട്രിക് കമ്പനി, ചങ്ങരംകുളം എന്ന കമ്പനിയുടെ (സ്ട്രീറ്റ് ലൈറ്റ് റിപ്പയർ 12വാട്ട്സ് ഒരെണ്ണത്തിന് നികുതിയുൾപ്പെടെ 490/- രൂപ) ടെണ്ടർ ഭരണസമിതിയുടെ 28.12.2022 ലെ 2(3)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 10.02.2023 ലെ 6/2022-23 നമ്പർ കരാർ പ്രകാരം ഗ്രാമ പഞ്ചായത്തിലെ 612 തെരുവ് വിളക്കുകളാണ് എ.എം.സി.യിൽ ഉൾപ്പെട്ടിട്ടുള്ളത്. കരാറിൽ 9 വാട്ട്സ് എൽ.ഇ.ഡി. (Holder Type) അറ്റകുറ്റപ്പണി നടത്തുന്നതിന് നികുതിയുൾപ്പെടെ 490/-രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 10.03.2023 ലെ ഇൻവോയ്സ് നമ്പർ PXA6 പ്രകാരം (Automatic/Ordinary Street Light 9W LED Repairing Charge ) 612 എണ്ണത്തിന് 490 രൂപ നിരക്കിൽ ആകെ 299696രൂപ മേൽ ബിൽ പ്രകാരം കാരാറുകാരന് അനുവദിച്ചു. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1.പദ്ധതി നിർവഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായതുമായ, തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. ഏതൊക്കെ ഇടങ്ങളിൽ / വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ അറ്റകുറ്റപണി നടത്തണമെന്ന വിവരമോ എസ്റ്റിമേറ്റോ ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ലഭ്യമല്ല. കംപ്ലൈന്റ് റജിസ്റ്ററിലും തകരാറിലായവയുടെ വിവരങ്ങളില്ല.

2) തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

3)ടെണ്ടറിൽ 12 വാട്ട്സിന് 490/- നിരക്കും കരാറിലും ഇൻവോയ്സിലും 9 വാട്ട്സ് എൽ.ഇ.ഡി.490/- നിരക്കും (612 എണ്ണം) ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ LED 152 എണ്ണമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതെല്ലാം ഇനം തെരുവ് വിളക്കുകളാണ് അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല.

4) പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം./പ്രദേശം/വാർഡ്, വിവരം നൽകുന്ന ആളിന്റെ പേര്, ഫോൺ നമ്പർ,അറ്റകുറ്റപ്പണി നടത്തിയ തീയതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ പരാതി രജിസ്റ്റർ (തെരുവ് വിളക്ക്) പരിപാലിക്കേണ്ടതുണ്ട്(സ്ഥാപനവുമായി ചമച്ച കരാറിലെ വ്യവസ്ഥ നം. 3 ഉം കാണുക) എന്നാൽ പരാതി രജിസ്റ്ററിൽ പരാതി സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല. ഇക്കാരണത്താൽ കരാർ പ്രകാരമുള്ള കാലയളവിലെ തകരാർ റിപ്പോർട്ട് ചെയ്യപ്പെടുന്നതും തുടർ സർവ്വീസ് ഉറപ്പാക്കുന്നതും എത്തരത്തിലാണെന്ന വിശദീകരിക്കപ്പെട്ടിട്ടില്ല.

5) പ്രവർത്തികൾ നടത്തുന്നതിന് മുൻപ് കെ.എസ്.ഇ.ബിയിൽ നിന്നുള്ള അനുമതി,പൂർത്തീകരണ സാക്ഷ്യപത്രം, ഏതൊക്കെ വാർഡിൽ/പോസ്റ്റിലാണ് പ്രവർത്തി നടത്തിയത് എന്ന വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രങ്ങൾ എന്നിവ ലഭ്യമല്ല. (വാർഡ് മെംബർമാർ നൽകിയ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും സാക്ഷപത്രങ്ങളിൽ വിശദാംശങ്ങൾ ലഭ്യമല്ല.)

6)കോൺട്രാക്ടർക്ക് തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം , ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ടി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

രേഖകൾ/മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(10/20.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി/രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 തനത് ഫണ്ട് വിനിയോഗിച്ച് മെഡിസെപ്പ് ഐ.ഡി. കാർഡ് പ്രിന്റ് ചെയ്തു

പഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ്പ് ഐ.ഡി. കാർഡ് പ്രിന്റ് ചെയ്തതിന് ( EMITHRAM ,ARATTUPUZHA,ALAPPUZHA രസീതി. 23097/24.08.22 ₹ 1680/-) വൗച്ചർ നമ്പർ 22200382/16.09.2022 ₹ 1680/- പ്രകാരം ശ്രീ.സുരേഷിന് അനുവദിച്ചിട്ടുണ്ട്. മെഡിസെപുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലൊന്നും ടി ഇനത്തിന് ഗ്രാമ പഞ്ചായത്തിന് പണം ചെലവഴിക്കാം എന്ന് വ്യക്തമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നമ്പർ 14/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-23 അഗതി രഹിത കേരളം 2022-23-പദ്ധതി തുക ചെലവഴിച്ചിട്ടില്ല 50,000/- രൂപ തടസ്സം ചെയ്യുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം. 916/23 അഗതി രഹിത കേരളം 2022-23

അടങ്കൽ – 50,000/- ( വികസന ഫണ്ട്)

ബിൽ നം. 22150452034100653745/16.10.2022 ₹ 50,000/-

മേൽ പദ്ധതി നടപ്പിലാക്കുന്നതിന് സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 1424101072927)മേൽ ബില്ല് പ്രകാരമുള്ള തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി ചെലവുമായി ബന്ധപ്പെട്ട സി.ഡി.എസ്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 18.10.2022 ന് മേൽ ബിൽ പ്രകാരമുള്ള തുക സി.ഡി.എസ്.ന്റെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും ടി തുക ചെലവഴിച്ചിട്ടില്ല. പദ്ധതി തുക ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(11/20.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി തുക ചെലവഴിക്കുകയോ/തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്. ആയത് വരെ ചെലവ് തുക 50000/-രൂപ തടസ്സം ചെയ്യുന്നു.

## 1-24 ഇ-ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് ലഭിച്ചില്ല

2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം 2023 ഏപ്രിൽ മായത്തിൽ എസ്.ബി.ഐ പാലപ്പെട്ടി ബ്രാഞ്ചിൽ 41163379428 നമ്പറായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക വരവ് വന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 16/21.11.23 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ-ടെണ്ടർ ഫീസിനത്തിലെ തുക പഞ്ചായത്തിൽ ഒടുക്കിയതിന്റെ രസീതി നമ്പർ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-25 സബ്സിഡി തുക അക്കൌണ്ട് നമ്പർ മാറി നൽകി

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി നപ്പാക്കിയ "സമഗ്ര -തെങ്ങ് കൃഷി വികസനം" (93/2022-23) എന്ന പ്രൊജക്റ്റ് പ്രകാരം വികസന ഫണ്ടിൽ നിന്നും 37788/- രൂപ (ബിൽ നം: 22150452036900305656, തീ: 13.7.2022 പ്രകാരം ) തെങ്ങ് കൃഷിക്ക് സബ്സിഡി അനുവദിക്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചത് അവരുടെ യഥാർത്ഥ അക്കൌണ്ടിലേക്കല്ല. വിശദ വിവരം ചുവടെ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവിന്റെ അക്കൌണ്ട് നമ്പർ | സബ്സിഡി അനുവദിച്ച അക്കൌണ്ട് നമ്പർ | സബ്സിഡി തുക |
|---|---|---|---|---|
| 1 | ഗോപി.വി. | 8382032000004277 | 8382032000004270 | 1620 |
| 2 | ഹുസൈൻ | 30117496184 | 090101200401437 | 1920 |

അപേക്ഷയോടൊപ്പം സമർപ്പിച്ച അക്കൌണ്ടിന് പകരം മറ്റ അക്കൌണ്ടിലേക്ക് സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൃഷി ഓഫീസർക്ക് നൽകിയ 19/21.11.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതും തുക മാറി നൽകിയിട്ടുണ്ടെങ്കിൽ അവ യഥാർഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നടപടികൾ സ്വീകരിച്ച് അറിയിക്കുന്നത് വരെ 3540 രൂപ തടസ്സം ചെയ്യുന്നു.

## 1-26 ചെലവു രേഖകൾ ഹാജരാക്കിയില്ല.

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ "സർക്കാർ എയിഡഡ് സ്കൂളുകളിലേക്ക് ഫർണീച്ചർ, ഉച്ചഭക്ഷണ വിതരണ പാത്രങ്ങൾ, മറ്റ ഉപകരണങ്ങൾ വാങ്ങൽ" (91/2022-23) എന്ന പ്രൊജക്റ്റ് പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്നും 29140 രൂപ (ബിൽ നം: 22150452038401313326, തി: 8.3.2023 പ്രകാരം ) ഫോർച്യൂൺ ബുക്ക്സ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ (Tax Invoice) , ക്വട്ടേഷനുകളുടെ Comparitive Statement, ക്വട്ടേഷൻ അംഗീകരിച്ച കൊണ്ടുള്ള ഭരണ സമിതി തീരുമാന പകർപ്പ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് ഹെഡ്മാസ്റ്റർക്ക് നൽകിയ 5/17.11.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ (Tax Invoice) പിന്നീട് ഹാജരാക്കിയെങ്കിലും ക്വട്ടേഷനുകളുടെ Comparitive Statement, ക്വട്ടേഷൻ അംഗീകരിച്ച കൊണ്ടുള്ള ഭരണ സമിതി തീരുമാന പകർപ്പ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചിലവ് തുക 29140 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 TDS ഈടാക്കിയില്ല.

ICDS സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ "അങ്കണവാടി അനുപൂരക പോഷകാഹാരം" (17/2022-23) എന്ന പ്രൊജക്റ്റ് പ്രകാരം വികസന ഫണ്ടിൽ നിന്നും 4499012 രൂപയും, CFC ഫണ്ട് 997128 രൂപയും തനതു ഫണ്ടിൽ നിന്നും 437946 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 125000/- രൂപയും ഉൾപ്പെടെ ആകെ 6059086 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രൊജക്റ്റിന്റെ ഭാഗമായി, വനിത സഹകരണ സംഘം, വെളിയങ്കോട് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം വാങ്ങിയ ഭക്ഷണ വസ്തുക്കളിൽ നിലക്കടല, വെളിച്ചെണ്ണ, റാഗി പൌഡർ എന്നിവക്ക് 5% GST ഉൾപ്പെടെയുള്ള തുകയാണ് നൽകിയിട്ടുള്ളതെങ്കിലും അതിൽ നിന്നും TDS ഈടാക്കിയിട്ടില്ല.

<table>
<tr><th>ക്രമ നം</th><th>ഇൻവോയ്സ് നമ്പർ</th><th>തിയ്യതി</th><th>GST അടവാക്കിയ സാധനങ്ങളുടെ വില</th><th>അടവാക്കിയ GST</th><th>ബിൽ നമ്പർ/ തിയ്യതി</th></tr>
<tr><td>1</td><td>00049</td><td>15.9.2021</td><td>88609</td><td>4219.5</td><td rowspan="2">22150452037500489267/ 2.07.2022</td></tr>
<tr><td>2</td><td>00064</td><td>31.10.2021</td><td>95881.82</td><td>4565.82</td></tr>
<tr><td>3</td><td>00112</td><td>5.2.2022</td><td>57605.62</td><td>2743.12</td><td rowspan="6">22150452037500489290/ 27.8.2022</td></tr>
<tr><td>4</td><td>00105</td><td>14.1.2022</td><td>80265.16</td><td>3822.16</td></tr>
<tr><td>5</td><td>00111</td><td>5.2.2022</td><td>62912.86</td><td>2995.86</td></tr>
<tr><td>6</td><td>00124</td><td>28.2.2022</td><td>100049.26</td><td>4764.26</td></tr>
<tr><td>7</td><td>00125</td><td>28.2.2022</td><td>65811.9</td><td>3133.9</td></tr>
<tr><td>8</td><td>00086</td><td>17.12.2021</td><td>97461.02</td><td>4641.02</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| 9 | 00106 | 14.1.2022 | 58369.50 | 2779.5 | |
| 10 | 00079 | 22.11.2021 | 89515.66 | 4262.66 | |
| 11 | 0081 | 30.11.2021 | 120855 | 5754 | |
| 12 | 00058 | 21.10.2021 | 61671.76 | 2936.76 | 22150452037500581770/ 26.9.2022 |
| 13 | 00004 | 22.4.2022 | 51282.02 | 2442.02 | |
| 14 | 00009 | 19.5.2022 | 50155.88 | 2388.38 | |
| 15 | 00001 | 13.4.2022 | 89517.76 | 4262.76 | |
| 16 | 00023 | 30.6.2022 | 41973.76 | 1998.76 | |
| 17 | 00128 | 8.12.2022 | 79562.7 | 3788.7 | 22150452037501375143/ 16.3.2023 |
| 18 | 00105 | 25.11.2022 | 53197.2 | 2533.2 | |
| 19 | 000102 | 21.11.2011 | 76738.2 | 3654.2 | 22150452037501253083/ 25.2.2023 |
| 20 | 00025 | 5.7.2021 | 27699 | 1319 | 22150452037501083635/ 25.11.2022 |
| 21 | 00028 | 15.7.2022 | 75694.5 | 3604.5 | |
| 22 | 00037 | 12.8.2022 | 9292.5 | 442.5 | |
| 23 | 00045 | 19.8.2022 | 73595.56 | 3504.56 | |
| 24 | 00080 | 18.10.2022 | 39950.4 | 1902.4 | |
| 25 | 00066 | 30.9.2022 | 71526 | 3406 | |
| 26 | 00061 | 22.9.2022 | 28757.4 | 1369.4 | |
| 27 | 00085 | 20.10.2022 | 74689.66 | 3556.66 | |
| | | | **1822641.1** | **86791.6** | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 17/21.11.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ TDS ഈടാക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച് പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്. (പ്രവൃത്തികളിൽ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല.)

പ്രവൃത്തി- കച്ചേരിപ്പുറായ റോഡ് ഡ്രൈയിനേജ് (SO54/23)

ഫണ്ട് -വികസന ഫണ്ട്-ജനറൽ

BRN- 22150452037000540073/14.9.22 – 237330 രൂപ ( ഒന്നാംപാർട്ട് ബിൽ)

കരാർ 7/10.8.2020

കരാർ തുക - 531700

അളവ് പുസ്തകം -41/21-22

കരാറുകാരൻ- പി.പി.നൗഷാദ്

കോസ്റ്റ് ഇൻഡക്സ് 31.06% (DsoR 2018)

TS No-112163/2019-20

Est.No-2020/1942

സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്- 10.08.2020

പൂർത്തീകരണ കാലാവധി-6 മാസം

മേൽ പ്രവൃത്തിയിൽ ചെയ്ത ഇനങ്ങൾ 26.3.22 ന് ചെക്ക് മെഷർ ചെയ്ത് ഒന്നാം പാർട്ട് ബിൽ നൽകിയിട്ടുണ്ട്. കോവിഡ് കാല ഇളവുൾപ്പെടെ പരിഗണിച്ച് 9.8.2021 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെങ്കിലും അളവു പുസ്തകം പരിശോധിച്ചതിൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കുകയോ ഫൈനൽ ബിൽ നൽകുകയോ ചെയ്തതായി കാണുന്നില്ല. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (15/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളും പിഴ ഈടാക്കിയ വിവരവും അറിയിക്കേണ്ടതാണ്.

## 1-29 അസിസ്റ്റന്റ് എഞ്ചിനീയർ കാഷ്ബുക്ക് എഴുതിയിട്ടില്ല

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ ഉദ്യോഗസ്ഥരും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം. ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി. ഓഡിറ്റിനായി കാഷ്ബുക്ക് ഹാജരാക്കിയിട്ടില്ല.അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 17/21.11.23 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കാഷ് ബുക്ക് എഴുതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഓഫീസ് മേധാവി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-30 സ്ലീറ്റ് മെയിൻ സ്ഥാപിക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

പ്രോജക്ട് നമ്പർ - 14/23 – സ്ലീറ്റ് മെയിൻ സ്ഥാപിക്കൽ

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ -2350000, (500000 വികസന ഫണ്ട്, 1400000 ധനകാര്യ കമ്മീഷൻ അവാർഡ്,450000 തനത് ഫണ്ട്)

ചെലവ്- 1400000(ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നമ്പർ -22200761/23.01.2023

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ലീറ്റ് മെയിൽ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി ഫയൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/22.11.2023)മറുപടിയായി ഫയൽ ഹാജരാക്കി. ഫയൽ പരിശോധിച്ചതിൽ മേൽ പദ്ധതി പൂർത്തീകരിച്ചതിന്റേയോ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റേയോ വിവരങ്ങൾ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹1400000/- തടസ്സം ചെയ്യുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 55000 | 95/2022-23 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 55000 | 0 |
| | 220000 | 103/2022-23 ഭിന്നശേഷി സ്കോളർഷിപ്പ് | 220000 | 0 |
| | 200000 | 39/2022-23 ലൈഫ് ഭവന പദ്ധതി (S.O) | 200000 | 0 |
| ആകെ | 475000 | | 475000 | 0 |
| ജില്ലാ പഞ്ചായത്ത് | 125000 | 17/2022-23 അങ്കണവാടി അനുപൂരക പോഷകഹാരം | 125000 | 0 |
| | 380000 | 103/2022-23 ഭിന്നശേഷി സ്കോളർഷിപ്പ് | 380000 | 0 |
| | 200000 | 111/2022-23 ലൈഫ് ഭവന പദ്ധതി | 200000 | 0 |
| | 1280000 | 39/2022-23 ലൈഫ് ഭവന പദ്ധതി (S.O) | 1280000 | |
| | 1985000 | | 1985000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ നം | ചെലവഴിച്ച തുക | പൂർത്തികരണ വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 14/2022-23, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ. | 1400000 | 22200761/23.01.23 | 0 | U.C ലഭിച്ചിട്ടില്ല. | 1400000 |
| | | ആകെ-1400000 | | | 0 | 1400000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാ | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|

| | | | | നള്ള മുൻബാക്കി | മുതൽ | പലിശ | |
|---|---|---|---|---|---|---|---|
| 01 | LIFE-KURDFC | ലഭ്യമല്ല | 10480000 | 53892000 | 5623522 | 0 | 58748478 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 29190 /- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീതി നമ്പർ |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 29190 | സനിൽ കുമാർ എം.വി (എ ഇ) | 1220103675/8.12.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2(2) 2(3) | 2016-17 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2015-16 | 2(2) | 2016-17 | തൊഴിൽ നികുതി പിരിവ് അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | |
| 1 | 1998-99 | 37,38 | ശ്രീമതി. പി വള്ളി ജൂനിയർ സൂപ്രണ്ട് | LF 8739/ Spl.cell/ SC/ 5/04 12.7.05 | 84559 | | | 84559 | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 2 | 2001-02 | 32,33, 34,35, 36 | ശ്രീ. ഉസ്മാൻ | LF 2984/ Spl.cell/ SC 5/05 23.5.07 | 71205 | | OP Filed | -- | -- | |
| 3 | 2003-04 | 3-12 | ശ്രീ.കെ സോമൻ | LF 15462/ Spl.cell/ SC5/ 0817. 6.09/ 22.6.09 | 11019 | 11019/- അടച്ച രസീത് നം. 72/5044 /27.8.09 | | | | 11019 |
| 4 | 2008-09 | 3-1 | ശ്രീ. എം.എൻ സജിത്ത്, AE | LF 10422/ Spl.cell/ SCD1/12 27.9.14 | 5205 | | 5205 | | | |
| 5 | 2000-01 | 29(1)(2) 30(1)31 | ശ്രീ.കെ സോമസുന്ദരം, സെക്രട്ടറി | LF 29090/ Sp. Cell/ Sc5/ 05/ 26.2.09 | 7475 | Rs 475 (Rt 2/5034 /23. 05.09) | | | | 475 |
| 6 | 1999-00 | 36,37, 39,40, 42,43 | ശ്രീ.കെ സോമസുന്ദരം, സെക്രട്ടറി | LF23195/ Sp. Cell/Sc5/ 04/ 12.12.06 | 152302 | | | 152302 | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 186132183 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 182516310 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,07,115 |

(ആകെ വരവിലും ചെലവിലും വിവിധ ഫണ്ടിനങ്ങളിലുള്ള വരവ് ചെലവുകളും തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് നൽകുന്ന തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖ.നം | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 50000 | ശ്രീ.രാജൻ.കെ.കെ, സെക്രട്ടറി |
| 1-17 | 49435 | ഡോ. സ്വപ്ന മോൾ പി , മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-18 | 700000 | ശ്രീ.രാജൻ.കെ.കെ, സെക്രട്ടറി |
| 1-19 | 75000 | ശ്രീമതി. കവിത ടി , അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 150000 | ശ്രീമതി. കവിത ടി, സെക്രട്ടറി-ഇൻ-ചാർജ്ജ് |

| | | |
|---|---|---|
| 1-23 | 50000 | ശ്രീമതി. കവിത ടി , അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 3540 | ശ്രീമതി. മഞ്ജു.പി.എസ്, കൃഷി ഓഫീസർ |
| 1-26 | 29140 | ശ്രീ.ബാബു.വി, ഹെഡ് മാസ്റ്റർ |
| 1-31 | 1400000 | ശ്രീമതി. കവിത. ടി , സെക്രട്ടറി-ഇൻ-ചാർജ് |
| ആകെ | 25,07,115 | |

**സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപ്പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം.9/3032/2022(7) തിയ്യതി 2.5.23 | 2 |
| 1999-00 | കെ.എസ്.എ.എം.പി.എം.9/3032/2022(5) തിയ്യതി 2.5.23 | 11 |
| 2000-01 | കെ.എസ്.എ.എം.പി.എം.9/3032/2022(6) തിയ്യതി 2.5.23 | 9 |
| 2001-02 | കെ.എസ്.എ.എം.പി.എം.9/3032/2022(7) തിയ്യതി 2.5.23 | 5 |
| 2003-04 | കെ.എസ്.എ.എം.പി.എം.9/2184(10)/2022 തിയ്യതി 7.10.22 | 2 |
| 2004-05 | കെ.എസ്.എ.എം.പി.എം.9/2184(11)/2022 തിയ്യതി 7.10.22 | 14 |
| 2006-07 | കെ.എസ്.എ.എം.പി.എം.9/2184(13)/2022 തിയ്യതി 7.10.22 | 12 |
| 2007-08 | എൽ.എഫ്.എം/18/512/11 തിയ്യതി 02.05.2011 | 19 |
| 2008-09 | എൽ.എഫ്.എം/18/513/11 തിയ്യതി 02.05.2011 | 17 |
| 2009-10,2010-11 | എൽ.എഫ്.എം/24/33/2014 തിയ്യതി 17.02.2014 | 14 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം28/ 1419 /2016 തിയ്യതി 29-08-16 | 11 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.9/2184/2022(14) തിയ്യതി 7.10.22 | 7 |
| 2015-16 | കെ.എസ്.എ.എം.പി.എം.9/2466/2022(1) തിയ്യതി 14.11.22 | 19 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.9/2021/2017 തിയ്യതി 26.07.2018 | 34 |
| 2017-18 | കെ.എസ്.എ.എം.പി.എം.9/2466/2022(2) തിയ്യതി 14.11.22 | 22 |

| | | |
|---|---|---|
| 2018-19 | നം.കെ.എസ്.എ.എം.പി.എം.9/416/2020 തിയ്യതി 19-08-2020 | 16 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.9/1714/2022 തിയ്യതി 20-08-2022 | 18 |
| 2020-21 | നം.കെ.എസ്.എ.എം.പി.എം.9/1344/2023 തിയ്യതി 24-06-2023 | 5 |
| 2021-22 | നം.കെ.എസ്.എ.എം.പി.എം.9/284/2023 തിയ്യതി 01-07-2023 | 29 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Veliyancode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Veliyancode Grama Panchayat for the year 2022-2023

**Date: 18/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Veliyancode Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Mandatory financial statements prescribed in accounting rules of
Kerala Panchayath Raj (Accounts),2011 are not submitted for audit.
2. Cashflow statement - Net increase in cashflow does not match with the difference
between the opening balance and closing balance of cash and cash equivalents.
3. Income & Expenditure Statemements not included the details funds like Revenue Grants,
Contributions & Compensation, Interest Earned & Other Income.
4). Accrual basis demands not generated on time.
5). Depreciation work sheet of assets not presented for audit
6). Annual abstract of Demant collection balance not prepared

7). Loan register not Maintained

8). Advance register not Maintained

9). Deposit register not Maintained

10). ACR not Maintained for own fund account

11). Balance of specific purposes Grants as per B-4 schedule does not match with its account Balance.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വെളിയംകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്